### വിളവെടുപ്പും വിപണനവും

- 5 മുതൽ 6 മാസം വരെയാണ് കൃഷിയുടെ കാലാവധി
- കാലവർഷം ആരംഭിക്കുന്നതിനു മുമ്പു തന്നെ വിളവെടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം ലവണാംശം കുറയുന്നതു മൂലം കല്ലുമ്മേക്കായ നശിയ്ക്കാം
- വിളവെടുത്ത കല്ലുമ്മേക്കായ കയറുകളിൽ നിന്ന് വേർപ്പെടുത്തി കഴുകി വൃത്തിയാക്കി പുഴുങ്ങി തോട് നീക്കം ചെയ്തു മാംസം വേർപെടുത്തി വിപണനത്തിന് തയ്യാറാക്കണം
- വിളവെടുത്ത കല്ലുമ്മേക്കായയുടെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഡപ്യൂറേഷൻ സഹായകമാകും
- കല്ലുമ്മേക്കായ ഉപയോഗിച്ച് അച്ചാറുകൾ, മറ്റു മൂല്യവർദ്ധിത ഉല്പന്നങ്ങൾ എന്നിവ തയ്യാറാക്കുമ്പോൾ ഉയർന്ന വിപണി മൂല്യം ലഭിയ്ക്കും



### സാമ്പത്തിക വിശകലനം

- യൂണിറ്റ് ചെലവിന്റെ 40% സർക്കാർ ഗ്രാന്റ്
- 25 ചതുരശ്ര മീറ്ററിൽ കൃഷി ചെയ്യുന്നതിലൂടെ ഒരു മെട്രിക് ടൺ കല്ലുമ്മേക്കായ ലഭിയ്ക്കും
- 15,000/- രൂപ ചെലവ്, 70,000/- രൂപ വിറ്റ്വരവ്



| | |
|---|---|
| A. മൂലധന ചെലവ്<br>മുളകൾ, റോപ്പ് മുതലായവ | 6,000 |
| B. പ്രവർത്തന ചെലവ്<br>വല, വിത്ത്, മറ്റു ചെലവുകൾ | 9,000 |
| ആകെ (A+ B) | 15,000 |

**ഡപ്യൂറേഷൻ(Depuration)**

ശരീരത്തിനുള്ളിലെ മണൽ, ബാക്ടീരിയ, ഭക്ഷണാവശിഷ്ടങ്ങൾ, മറ്റു മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് ഭക്ഷ്യയോഗ്യമാക്കുന്നതിന് കല്ലുമ്മേക്കായയെ ജല പ്രവാഹത്തിൽ 12-24 മണിക്കൂർ ജീവനോടെ പരിപാലിക്കുന്നു. തൽഫലമായി സ്വാഭാവികമായ ജീവൽ പ്രവർത്തനങ്ങൾക്ക് വിധേയമായി, മേൽപ്പറഞ്ഞ അവശിഷ്ടങ്ങൾ ഇവ സ്വയം പുറന്തള്ളുന്ന പ്രക്രിയയാണ് ഡപ്യൂറേഷൻ

"മത്സ്യകൃഷി
ആദായത്തിന്
ആഹാരത്തിന്
ആനന്ദത്തിന്"

പ്രസിദ്ധീകരിക്കുന്നത്
ഫിഷറീസ് ഡയറക്ടർ
ഫിഷറീസ് ഡയറക്ടറേറ്റ്
വികാസ് ഭവൻ
തിരുവനന്തപുരം - 33

സൗജന്യം



# കല്ലുമ്മേക്കായ കൃഷി

കേരള സർക്കാർ
മത്സ്യബന്ധന വകുപ്പ്

# കല്ലുമ്മേക്കായ കൃഷി

## ആമുഖം

- കട്ടിയുള്ള പുറംതോടും മൃദുലമായ മാംസവും ഉള്ള ജീവി
- പാറക്കെട്ടുകളിലും പരുപരുത്ത പ്രതലത്തിലും പറ്റിപിടിച്ചു വളരുന്നു
- പച്ചനിറത്തിലുള്ളവ (*Perna viridis*), തവിട്ടു നിറത്തിലുള്ളവ (*Perna indica*) എന്നീ ഇനങ്ങൾ കേരളത്തിൽ സുലഭം
- *Perna viridis* ആണ് കൃഷിയ്ക്ക് ഏറ്റവും അനുയോജ്യം
- വനിതകൾക്ക് എളുപ്പത്തിൽ പ്രാവർത്തിക മാക്കാൻ കഴിയും
- കാത്സ്യം, മാംസ്യം, ധാതുലവണങ്ങൾ, വിറ്റാമിനുകൾ എന്നിവ ധാരാളം അടങ്ങി യിരിക്കുന്നു
- വെള്ളം അരിച്ച് പ്ലവകങ്ങൾ ആഹരിക്കുന്ന തിനാൽ തീറ്റ ചെലവ് ഇല്ല
- ജലം ശുദ്ധീകരിക്കും
- നവംബർ-ഡിസംബർ മാസങ്ങളിൽ കൃഷി ആരംഭിക്കണം



## കൃഷിയിടം തെരഞ്ഞെടുക്കൽ

- ജലാശയത്തിന് കുറഞ്ഞത് 2 മീറ്റർ ആഴം
- മാലിന്യ രഹിതവും ശക്തമായ ഓളങ്ങൾ ഇല്ലാത്തതുമായ സ്ഥലം അഭികാമ്യം
- പ്ലവക വളർച്ച ധാരാളമുള്ള സ്ഥലം
- ലവണാംശം : 22 – 35 പി.പി.റ്റി
- ഊഷ്മാവ് : 25 – 33°C
- ജലത്തിന്റെ ഒഴുക്ക് : 17–35 സെ.മീ/സെക്കന്റ്
- പ്രാണവായു : 3.8 – 5.5 പി.പി.എം



## റാക്ക് സ്ഥാപിക്കൽ

- സാമൂഹിക പാരിസ്ഥിതിക പ്രശ്നങ്ങൾഒഴിവാക്കാൻ 5 മീറ്റർ നീളത്തിലും 5 മീറ്റർ വീതിയിലും ചെറിയ റാക്കുകൾ സ്ഥാപിക്കണം
- 3 ഇഞ്ച് വ്യാസത്തിലുള്ള കല്ലൻ മുളകൾ ഓരോ മീറ്റർ ഇടവിട്ട് ഇരു ദിശകളിലുമായി ജലാശയത്തിന്റെ അടിത്തട്ടിൽ ലംബമായ് ഉറപ്പിച്ച് നിർത്തണം
- പരമാവധി വേലിയേറ്റത്തിലും മുകൾഭാഗം ജലോപരിതലത്തിൽ കാണപ്പെടുന്ന വിധത്തിൽ മുളകൾക്ക് നീളം ഉറപ്പു വരുത്തണം
- മുളകളെ തമ്മിൽ ഇരു വശങ്ങളിലും ബന്ധിപ്പിച്ചു കൊണ്ട് ഏകദേശം 2.5 ഇഞ്ച് വ്യാസമുള്ള മറ്റൊരു സെറ്റ് മുളകളെ തിരശ്ചീനമായി കൃത്രിമ റോപ്പുകളുപയോഗിച്ച് കൂട്ടി യോജിപ്പിക്കണം
- വേലിയിറക്ക സമയത്ത് ജലോപരിതലത്തിന് തൊട്ടു മുകളിലായി കാണപ്പെടുന്ന വിധം തിരശ്ചീന മുളകൾ ബന്ധിപ്പിക്കണം



## വിത്ത് നിക്ഷേപിക്കൽ

- കല്ലുമ്മേക്കായത്തരികളെ നേർത്തതും വലിയ സുഷിരങ്ങൾ ഉള്ളതുമായ പരുത്തിത്തുണി ഉപയോഗിച്ച് കൃത്രിമ റോപ്പുകളിൽ പൊതിഞ്ഞു കെട്ടണം
- ഒരു മീറ്റർ നീളമുള്ള റോപ്പിൽ 750 ഗ്രാം എന്ന നിരക്കിൽ വിത്തുകൾ പൊതിയണം. ഇങ്ങനെ രൂപപ്പെടുത്തിയെടുക്കുന്ന കല്ലുമ്മേക്കായത്തരി കളടങ്ങിയ റോപ്പുകൾ മുൻ കൂട്ടി സ്ഥാപിച്ച റാക്കുകളിൽ 50 സെ.മീ ഇടവിട്ട് തൂക്കിയിടണം
- വേലിയിറക്ക സമയങ്ങളിൽ ജലോപരിതലത്തിന് മുകളിൽ വരാത്ത വിധം ആയിരിക്കണം കല്ലുമ്മേക്കായ് കയറുകളെ തൂക്കിയിടേണ്ടത്

## പരിപാലനം

- കല്ലുമ്മേക്കായത്തരികൾ, കയറുകളിൽ പറ്റിപ്പിടിച്ച് വളർന്നു തുടങ്ങുമ്പോൾ പരുത്തിത്തുണി ക്രമേണ നശിച്ച് പോകും
- കല്ലുമ്മേക്കായ ജലത്തിലെ പ്ലവകങ്ങളെ ആഹരിക്കുന്നതിനാൽ പ്രത്യേക തീറ്റ നൽകേണ്ടതില്ല
- പായൽ, അഴുക്ക്, കളജീവികൾ എന്നിവ പുറമേ അടിയുന്നതു മൂലം കല്ലുമ്മേക്കായ നശിയ്ക്കാതിരിക്കാൻ നിശ്ചിത ഇടവേളകളിൽ റോപ്പുകളെ ജലാശയത്തിൽത്തന്നെ കഴുകിയെടുക്കണം